**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :5383 — 28.07.2015-ൽ മറുപടിക്ക്

## മിൽമയുടെ വികസനത്തിന് പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.ജോസഫ് വാഴയ്ക്കൻ : | | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) മിൽമയുടെ വികസനത്തിനും പുരോഗതിയ്ക്കും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | ഗുണമേന്മയുള്ള പാൽ സംഭരണം, ലാഭകരമായ പാൽ ഉല്പാദനം, വിപണനം, ക്ഷീരസംഘങ്ങളുടെ ശാക്തീകരണം, ക്ഷീരകർഷകരുടെ താല്പര്യം സംരക്ഷിക്കുന്നതോടൊപ്പം ഉപഭോക്തൃ താല്പര്യം നിലനിറുത്തി മിൽമയുടെ വിപണി വർദ്ധിപ്പിക്കുക, കേന്ദ്രാവിഷ്കൃത പദ്ധതികളായ ക്ലീൻ മിൽക്ക് പ്രോഗ്രാം, നാഷണൽ പ്ലാൻ ഫോർ ഡയറി ഡെവലപ്മെന്റ്, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നീ പദ്ധതികൾ വഴി ബൾക്ക് മിൽക്ക് കൂളറുകൾ, മിൽക്ക് അനലൈസറുകൾ, ഇലക്ട്രോണിക് വെയിംഗ് സ്കെയിലുകൾ, ഡാറ്റാ പ്രോസ്സസറുകൾ, കമ്പ്യൂട്ടറുകൾ എന്നിവ ഗ്രാമതലത്തിൽ ലഭ്യമാക്കിക്കൊണ്ട് മിൽമാ ക്ഷീരസംഘങ്ങളുടെ നവീകരണത്തിൽ ഗണ്യമായ പങ്കുവഹിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. |
| (സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ ?. | (സി) | മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയൻ വിവിധ കർഷക ഉപഭോക്തൃ സ്കീമുകൾ നടപ്പാക്കുന്നതിനും യഥാസമയം ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള പാൽ ലഭ്യമാക്കുന്നതിന് മാർക്കറ്റിംഗ് ഹബ്ബുകൾ സ്ഥാപിക്കുന്നതിനും പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ട്. |

എറണാകുളം മേഖലാ യൂണിയൻ ക്ലീൻ മിൽക്ക് പ്രോഗ്രാം, നാഷണൽ പ്ലാൻ ഫോർ ഡയറി ഡെവലപ്മെന്റ്, രാഷ്ട്രീയ കൃഷി വികാസ യോജന എന്നീ പദ്ധതികൾ വഴി ബൾക്ക് മിൽക്ക് കൂളറുകൾ, മിൽക്ക് അനലൈസറുകൾ, ഇലക്ട്രോണിക് വെയിംഗ് സ്കെയിലുകൾ, ഡാറ്റാ പ്രോസസ്സറുകൾ, കമ്പ്യൂട്ടറുകൾ എന്നിവ ഗ്രാമതലത്തിൽ ലഭ്യമാക്കി കൊണ്ട് ക്ഷീരസംഘങ്ങളുടെ നവീകരണത്തിൽ ഗണ്യമായ പങ്കുവഹിക്കുന്നുണ്ട്. ഈ സംവിധാനങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിലൂടെ സംഘങ്ങൾ സംഭരിക്കുന്ന പാലിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പാലിന്റെ വിലനിർണ്ണയത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.

മലബാർ മേഖലാ യൂണിയൻ ക്ഷീരമേഖലയിലെ വികസനത്തിനും പുരോഗതിയ്ക്കും വേണ്ടി പുതിയ ഡയറിയുടെ നിർമ്മാണവും പഴയവയുടെ വികസനവും നവീകരണവും, പുതിയ ഉല്പന്നങ്ങളുടെ വിപണനവും നടത്തിവരുന്നു. അതോടൊപ്പം തന്നെ വിവിധ കേന്ദ്രസംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് ഫെഡറേഷന്റെ കീഴിലുള്ള കാലിത്തീറ്റ ഫാക്ടറികളും സെൻട്രൽ പ്രോഡക്ട് ഡയറിയും നവീകരിക്കുന്നതിനും നൂതനമായ പരിശോധന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ